MOH-TSR/3541/2025-A6

I/515536/2025


**ജില്ലാ മെഡിക്കൽ ഓഫീസ്(ആരോഗ്യം), തൃശൂർ**

പിൻ കോഡ് : 680001, ഫോൺ : 0487 2333242

ഇ-മെയിൽ : dmohtsr.@gmail.com


**ഫയൽ നം.എ 6-3541/2025/DMOH/TSR**

**തിയതി: 21-05-2025**

## കാരണം കാണിക്കൽ നോട്ടീസ്

വിഷയം : ആരോഗ്യവകുപ്പ് ജി.മെ.ഒ.(ആ). തൃശൂർ - അനധികൃതമായി ജോലിയിൽ നിന്നും വിട്ടു നിൽക്കുന്ന ശ്രീമതി. ബർഷാന.എസ് - നഴ്സിംഗ് ഓഫീസർ (പെൻ-607531) സാമൂഹികാരോഗ്യകേന്ദ്രം പഴഞ്ഞി - കാരണം കാണിക്കൽ നോട്ടീസ് നൽകുന്നത് - സംബന്ധിച്ച്.

സൂചന : എ-338/2024/ സൂപ്രണ്ട്/ സാമൂഹികാരോഗ്യ കേന്ദ്രം പഴഞ്ഞി.

ശ്രീമതി.ബർഷാന.എസ് എന്ന താങ്കൾ പഴഞ്ഞി സാമൂഹികാരോഗ്യ കേന്ദ്രത്തിൽ നഴ്സിംഗ് ഓഫീസർ തസ്തികയിൽ ജോലി നോക്കിവരവേ, 27-06-2023 തിയതി മുതൽ ഈ സ്ഥാപനത്തിൽ നിന്നും അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുകയും ചെയ്തിട്ടുള്ളതാണ്. 16-05-2013 ൽ സേവനത്തിൽ പ്രവേശിച്ച താങ്കൾ പ്രൊബേഷൻ പൂർത്തീകരിക്കുന്നതിന് മുമ്പായി 27-06-2023 മുതൽ അവധി അനുവദിച്ച് കിട്ടാതെ തന്നെ അവധിയിൽ പ്രവേശിച്ചിരിക്കുന്നു. മേൽകാരണങ്ങളാൽ, താങ്കളുടെ work & conduct തൃപ്തികരമല്ല. ഈ സാഹചര്യത്തിൽ താങ്കൾ ഇപ്പോൾ പ്രൊബേഷണർ ആയതിനാൽ പ്രൊബേഷൻ കാലയളവിൽ അനധികൃതമായി ജോലിക്ക് ഹാജരാകാതിരുന്നത് 1958-ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവീസ് റൂൾസിലെ ബന്ധപ്പെട്ട ചട്ടങ്ങൾ പ്രകാരം {1958-KS&SSR Part ii ചട്ടം 19(a) (11)} കുറ്റകരമായതിനാൽ തങ്ങളുടെ പ്രൊബേഷൻ അവസാനിപ്പിച്ച് സർവീസിൽ നിന്നും നീക്കം ചെയ്യുന്നതിന് താൽക്കാലികമായി തീരുമാനിക്കുന്നു.

മേൽതാത്ക്കാലിക തീരുമാനത്തിന് എതിരായി താങ്കൾക്ക് എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ ആയത് ഈ നോട്ടീസ് ലഭിച്ച് 15 ദിവസത്തിനകം രേഖാമൂലം എഴുതി സമർപ്പിക്കേണ്ടതാണ്. ടി.വിഷയത്തിൽ താങ്കളെ നേരിട്ട് കേൾക്കണം എന്ന് ആഗ്രഹിക്കുന്നുവെങ്കിൽ ആയത് ഈ നോട്ടീസിനുള്ള മറുപടിയിൽ വ്യക്തമാക്കിയിരിക്കേണ്ടതാണ്.തൽസംബന്ധമായ വാദപ്രതിഭാഗ പത്രികയോ, വിശദീകരണമോ താങ്കളിൽ നിന്നും ടി. കാലയളവിനുള്ളിൽ ലഭിക്കാത്ത പക്ഷം താങ്കൾക്ക് ഇക്കാര്യത്തിൽ യാതൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ താങ്കളുടെ പ്രൊബേഷൻ അവസാനിപ്പിച്ച് സർവീസിൽ നിന്നും നീക്കം ചെയ്യുവാനുള്ള തീരുമാനമായി സ്ഥിരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

**ഡോ: ശ്രീദേവി.ടി .പി,**
**ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം),**
**തൃശൂർ.**

**സ്വീകർത്താവ് :-**
ശ്രീമതി.ബർഷാന.എസ് (സ്ഥാപന മേധാവി മുഖേന)
നഴ്സിംഗ് ഓഫീസർ

Signed by
Sreedevi T P
Date: 23-05-2025 11:49:08